വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനു പ്രത്യേക പദ്ധതി

1637. [2456] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അതു വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്തെ വനങ്ങളിലുള്ള കാട്ടാനകളുടെ എണ്ണം എത്ര യെന്നു വ്യക്തമാക്കുമോ ;

(ഡി) ആനകളെ സംരക്ഷിക്കാനുള്ള എന്തെങ്കിലും സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു സംവിധാനങ്ങളെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വന്യജീവിസംരക്ഷണത്തിനും, വികസനത്തിനും പ്രകൃതിദത്ത സാഹചര്യങ്ങളിൽ അവയുടെ വാസം ഉറപ്പുവരുത്തുന്നതിനും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വന്യജീവികളെ നിലനിറുത്തുന്നതിനു മായി 12 വന്യമൃഗസംരക്ഷണകേന്ദ്രങ്ങളും 2 ദേശീയ പാർക്കുകളും സ്ഥാപിച്ചി ട്ടുണ്ട്. സംരക്ഷണകേന്ദ്രങ്ങളും വന്യജീവികൾക്കു കൂടുതൽ വാസയോഗ്യമാ ക്കുക, കാട്ടുതീ തടയുക, സസ്യജന്തു സമ്പത്തിനെക്കുറിച്ചു ഗവേഷണം നടത്തുക, വാഹനഗതാഗതവും വാർത്താവിനിമയസൗകര്യവും വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) 1983-ലെ സെൻസസ് അനുസരിച്ച് 2865 കാട്ടാനകളുണ്ട്.

(ഡി) ആനകളുൾപ്പെടെയുള്ള വന്യമൃഗസംരക്ഷണത്തിനായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഇ) ആനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ സംരക്ഷിക്കുന്ന തിനുവേണ്ടി കോന്നി, തൊടുപുഴ, ചാലക്കുടി, നെന്മാറ എന്നീ സ്ഥല ങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു മൊബൈൽ സ്ക്വാഡ് സ്ഥാപിക്കുക ; ആനകൾ ധാരാളമുള്ള ഫോറസ്റ്റു റെയിഞ്ചുകൾ തമ്മിൽ വയർലെസ് മുഖേന വാർത്താവിനിമയ സൗകര്യങ്ങൾ സ്ഥാപിക്കുക ; ആന വേട്ടയിലും ആനക്കൊമ്പിന്റെ ക്രയവിക്രയത്തിലും ഏർപ്പെടുന്നവരുടെ വിവരം ശേഖരിക്കുക ; ആനകൾ കൂടുതലുള്ള റെയിഞ്ചുകളുടെ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി റെയിഞ്ചർമാർക്കു ജീപ്പുകൾ അനുവദിക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പേപ്പാറ വന്യമൃഗസംരക്ഷണകേന്ദ്രത്തിലെ മൃഗങ്ങൾക്കു ചെലവാക്കിയ തുക

1638. [2457] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യ ത്തിന് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

പേപ്പാറ വന്യമൃഗസംരക്ഷണകേന്ദ്രത്തിൽ 1985-86 സാമ്പത്തികവർഷത്തിൽ ആനകൾക്കും മറ്റു മൃഗങ്ങൾക്കും കരുപ്പെട്ടിയും ഉപ്പും കൊടുത്ത വകയിൽ എത്ര രൂപ ചെലവായി എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly